**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1788** **09-12-2022 - ൽ മറുപടിയ്ക്ക്**

**ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ.കെ. അക്ബർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2016 മുതൽ ഗുരുവായൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം കൃഷി വകുപ്പിന് അനുവദിച്ച പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ; | (എ) | 2016 മുതൽ ഗുരുവായൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരം " NABARD RIDF XXI - Integrated Development of Kole Lands (phase lII) in Thrissur and Malappuram District - Improvements to Noonakkadavu kole padavu (ch 0.00 to 1250 m) including Constructon of Engine thara (3 Nos.) and Construction of sluice (3 Nos.) in Ponnanl Taluk" എന്ന പദ്ധതി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്നു.<br><br>ഗുരുവായൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ് Tranche XX - ൽ അനുമതി കിട്ടിയ കുട്ടാടൻ പാടം പുനരുജ്ജീവനം എന്ന പദ്ധതിയാണ് കൃഷി വകുപ്പ് കാർഷിക എൻജിനീയറിങ് വിഭാഗം മുഖേന നടപ്പിലാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, ചെലവഴിച്ച തുക, പദ്ധതികളുടെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശം നൽകുമോ ? | (ബി) | കൃഷി വകുപ്പ് എൻജിനീയറിങ് വിഭാഗം, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ എന്നിവ മുഖേന നടപ്പിലാക്കിയിട്ടുള്ള മേൽ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## <u>അനുബന്ധം</u>

| ക്രമ നം | പ്രവൃത്തിയുടെ പേര് | പദ്ധതിക്ക് അനുവദിച്ച തുക , ചെലവഴിച്ച തുക, നിലവിലെ പുരോഗതി |
|---|---|---|
| I | ആർ ഐ ഡി എഫ് XX – കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം– ഒന്നാം ഘട്ടം – കൺസ്ട്രക്ഷൻ & റീസെക്ഷനിംഗ് ഓഫ് ഡ്രെയിനേജ് കനാൽസ് | പ്രസ്തുത പ്രവൃത്തിക്ക് 2,17,25,000/– രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പദ്ധതി പ്രകാരം 13.64 കി.മീ. തോട് താഴ്ത്തുന്ന പദ്ധതിയാണ് ഉൾപ്പെടുത്തിയിരുന്നത്. നിലവിൽ പദ്ധതി പൂർത്തീകരിക്കുകയും 1,14,83,000/– രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| II (1) | ആർ ഐ ഡി എഫ് XX – കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം– രണ്ടാം ഘട്ടം – പാർട്ട് 1 – സൈറ്റ് ക്ലിയറൻസ്, കനാൽ ആഴം കൂട്ടുന്നത്, പുതിയ കനാൽ നിർമ്മാണം | പ്രസ്തുത പദ്ധതിയിൽ 10.84 കി.മീ. കനാൽ ആഴം കൂട്ടുന്ന പ്രവൃത്തിയാണ് ഉൾപ്പെടുത്തിയിരുന്നത്. പദ്ധതിക്കായി 1,73,00,000/– രൂപ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് തുക 1,06,85,992/– + 5% GST ആണ്. പ്രസ്തുത പ്രവൃത്തിയുടെ 9 കി.മീ. പൂർത്തീകരിക്കുകയും, ആയതിന്റെ ഫൈനൽ ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. ഇതുവരെ 31,90,000/–<br>രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. |
| 2 | ആർ ഐ ഡി എഫ് XX – കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം– രണ്ടാം ഘട്ടം – പാർട്ട് 2– സൈറ്റ് ക്ലിയറൻസ് ഓഫ് ഫീൽഡ്, പ്രൊവൈഡിംഗ് ട്രാക്ടർ റാമ്പ്സ് & പൈപ്പ് കൾവർട്ട്സ് | പ്രസ്തുത പ്രവൃത്തിയിൽ സൈറ്റ് ക്ലിയറൻസ്, ട്രാക്ടർ റാമ്പുകളുടെ നിർമ്മാണം, പൈപ്പ് കൾവർട്ടിന്റെ നിർമ്മാണം എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ടി പദ്ധതിക്ക് 2,24,00,000/– രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് തുക 1,57,05,977/– + 12% GST ആണ്. നിലവിൽ പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ക്ലിയറൻസ് 100% പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 37 റാമ്പുകൾ, 30 പൈപ്പ് കൾ വെർട്ട് എന്നിവ നിർമ്മിച്ചിട്ടുണ്ട്. ഇതുവരെ 1,02,20,000/– രൂപ കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കികൊണ്ടിരിക്കുകയാണ് |
| 3 | ആർ ഐ ഡി എഫ് XX – കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം– രണ്ടാം ഘട്ടം – പാർട്ട് 3– കൺസ്ട്രക്ഷൻ ഓഫ് സ്ലൂയിസ് & പമ്പ് ഹൗസ് | ഈ പ്രവൃത്തിയിൽ മൂന്ന് ചീർപ്പുകൾ നിർമ്മിക്കുന്നതിനാണ് അനുമതി നൽകിയിരുന്നത്. പ്രസ്തുത പദ്ധതിക്ക് 2,34,00,000/– രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് തുക 1,94,97,101/– + 12% GST ആണ്. നിലവിൽ പദ്ധതിയുടെ ഭാഗമായ മൂന്ന് ചീർപ്പുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാരന് ഇതുവരെ 1,97,51,000/– രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ് |
| 4 | ആർ ഐ ഡി എഫ് XX – കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം– രണ്ടാം ഘട്ടം – പാർട്ട് 4– കൺസ്ട്രക്ഷൻ ഓഫ് സ്ലൂയിസ്, പമ്പ് ഹൗസ്, കൾവർട്ട് & ഫുട്ട് ബ്രിഡ്ജസ് | ഈ പദ്ധതിയിൽ ചീർപ്പ് (1 എണ്ണം), ഫുട്ട് ബ്രിഡ്ജസ് (3 എണ്ണം), കൾവർട്ട് (1 എണ്ണം) എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്. പ്രസ്തുത പദ്ധതിക്ക് 2,46,00,000/– രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ എഗ്രിമെന്റ് തുക 2,15,34,671/– + 12% GST ആണ്. നിലവിൽ ചീർപ്പിന്റെ നിർമ്മാണം, കൾവർട്ടിന്റെ നിർമ്മാണം, ഒരു ഫുട്ട് ബ്രിഡ്ജിന്റെ നിർമ്മാണം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ കരാറുകാരൻ 1,08,27,000/– രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബിൽ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. |
| 5 | ആർ ഐ ഡി എഫ് XX – കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം– രണ്ടാം ഘട്ടം – പാർട്ട് 5– ത്രീ ഫേസ് ലൈൻ വിപുലീകരണം & പമ്പുകളുടെ വൈദ്യുതീകരണം | പ്രസ്തുത പ്രവൃത്തിയിൽ നിർമ്മിക്കുന്ന ചീർപ്പിൽ സ്ഥാപിക്കുന്ന പമ്പ് സെറ്റുകൾക്കാവശ്യമായ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും, പാടശേഖരങ്ങളിൽ സ്ഥാപിക്കുന്ന 92 സെൻട്രിഫ്യൂഗൽ പമ്പുകൾക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമർ, 11 കെവി ലൈൻ എക്സ്റ്റൻഷൻ, LT ലൈൻ എക്സ്റ്റൻഷൻ എന്നിവയ്ക്കാവശ്യമായ ഫണ്ടുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് . അതിനായി KSEBL 1,77,11,368/– രൂപയുടെ എസ്റ്റിമേറ്റ് നൽകുകയും, പ്രസ്തുത തുക KSEBL ഡെപ്പോസിറ്റ് ചെയ്തിട്ടുമുണ്ട്. പദ്ധതിയുടെ ഭാഗമായി ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, LT ലൈൻ എക്സ്റ്റൻഷൻ എന്നീ പ്രവൃത്തികൾ നിലവിൽ സ്ഥലത്ത് പുരോഗമിച്ചുകൊണ്ടിരിക്കുന്നു. |

| | | |
|---|---|---|
| 6 | ആർ ഐ ഡി എഫ് XX - കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം- രണ്ടാം ഘട്ടം - പാർട്ട് 6- പമ്പസെറ്റ് സ്ഥാപിക്കൽ | പ്രസ്തുത പ്രവൃത്തിയിൽ കുട്ടാടൻ പ്രദേശത്തേക്ക് സബ്മെഴ്സിബിൾ പമ്പ് 40 hp (1 എണ്ണം) സബ്മെഴ്സിബിൾ പമ്പ് 30 hp (4 എണ്ണം) സെൻട്രിഫ്യൂഗൽ പമ്പ് 10 hp (48 എണ്ണം)സെൻട്രിഫ്യൂഗൽ പമ്പ് 7.5 hp (44 എണ്ണം), എന്നിവ സ്ഥാപിക്കുന്നതിനുള്ള തുകയാണ് ഉൾപ്പെടുത്തിയിരുന്നത്. പദ്ധതിക്കായി 4,02,00,000/- രൂപ അനുവദിച്ചിരുന്നു. എഗ്രിമെന്റ് തുക 3,45,78,200/- രൂപ ആണ്. ഇതിൽ സബ്മെഴ്സിബിൾ പമ്പ് 40 hp (1 എണ്ണം) 30 hp (1 എണ്ണം)എന്നിവ സ്ഥാപിച്ചു. 70 സെൻട്രിഫ്യൂഗൽ പമ്പ്സെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ബാക്കി പമ്പ്സെറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കരാറുകാർക്ക് ഇതുവരെ 2,12,88,600/- രൂപ നൽകിയിട്ടുണ്ട്. |
| 7 | ആർ ഐ ഡി എഫ് XX - കുട്ടാടൻ പാടത്തിന്റെ പുനരുജ്ജീവനം- രണ്ടാം ഘട്ടം - പാർട്ട് 7- റോഡിന്റെ പുനരുദ്ധാരണം | പ്രസ്തുത പദ്ധതിയിൽ ചീർപ്പിന്റെ നിർമ്മാണ സമയത്ത് തകർന്ന റോഡിന്റെ അറ്റകുറ്റപ്പണികൾക്കാവശ്യമായ തുകയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. LSGD എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് 11,59,000/- രൂപ ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത തുക പഞ്ചായത്തിന് നൽകുകയും പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| III | ആർ ഐ ഡി എഫ് XXI - Integrated Development of Kole Lands (phase III) in Thrissur and Malappuram District - Improvements to Noonakkadavu kole padavu (ch 0.00 to 1250 m) including Constructon of Engine thara (3 Nos.) and Construction of sluice (3 Nos.) in Ponnanl Taluk | പ്രസ്തുത പദ്ധതിക്കായി 297.89 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി അനുവദിക്കുകയും 127.008 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 70% പൂർത്തീകരിച്ച പദ്ധതിയുടെ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |

**സെക്ഷൻ ഓഫീസർ**